# അക്കാദമിക
# മാസ്റ്റർ പ്ലാൻ

Academic
Master Plan

GLPS VALLUR

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | :- | ജി.എൽ.പി സ്കൂൾ വള്ളൂർ. |
| വിലാസം | :- | ശങ്കരമംഗലം (P.O) പ<br>പാലക്കാട് ജില്ല - |
| സ്കൂൾ കോഡ് | :- | 20609. |
| മുനിസിപ്പാലിറ്റി | :- | പട്ടാമ്പി. |
| വാർഡ് നമ്പർ | :- | 28. |
| സി. ആർ. സി | :- | വള്ളൂർ. |
| ബി. ആർ. സി | :- | പട്ടാമ്പി |
| ഉപജില്ല | :- | പട്ടാമ്പി |
| വിദ്യാ ജില്ല | :- | പാലക്കാട്. |
| വില്ലേജ് | :- | പട്ടാമ്പി. |
| താലൂക്ക് | :- | പട്ടാമ്പി |
| നിയമസഭാമണ്ഡലം | :- | പട്ടാമ്പി |
| ലോകസഭാമണ്ഡലം | :- | പാലക്കാട് |
| ഇ-മെയിൽ ഐഡി | :- | vallurglps@gmail.com. |
| യുഡയസ് കോഡ് | :- | 32061100102. |

# ആമുഖം

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് വിദ്യാലയ വികസന പദ്ധതിയുടെ ഉദ്ദേശ്യം. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി, ദീർഘകാല കാഴ്ചപ്പാടോടുകൂടിയ ഒരു സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി ഇനിനായി രൂപീകരിക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും അറിവും കഴിവും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരം ഉയർത്തിക്കൊണ്ടുവരിക എന്നത് ദേശീയവിദ്യാഭ്യാസനയത്തിന്റെ ലക്ഷ്യമാണ്. കുട്ടിയുടെ അവകാശങ്ങൾക്കൊപ്പം, പാഠ്യപദ്ധതിയിലും നൂതനമായ മാറ്റങ്ങൾ കാലഘട്ടത്തിന് അനുസൃതമായ രീതിയിൽ വളർച്ച പ്രാപിക്കേണ്ടത് ഈ അവസരത്തിൽ ഗുണകരമാകുമെന്ന് തോന്നുന്നു.

അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ, ജനപ്രതിനിധികൾ, സാമൂഹ്യസാംസ്കാരിക രംഗത്തെ പ്രമുഖർ, സംഘടനാപ്രവർത്തകർ എന്നിവരുടെയൊക്കെ ഒരു

കൂട്ടായ്മയിലൂടെ മാത്രമെ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ. ഒരു വ്യക്തമായ മുന്നൊരുക്കം ഇതിന് ആവശ്യമാണ്. ഒരു പ്രൈമറി വിദ്യാലയം എന്ന നിലയിൽ വെങ്ങൂർ ഗവ. എൽ.പി സ്കൂളിനെ സംബന്ധിച്ചിടത്തോളം ഒട്ടേറെ പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. അതിന്റെ പരിപൂർണ്ണ സാക്ഷാത്കാരത്തിനു വേണ്ടി എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും, അതിൽ ശ്രദ്ധയൂന്നി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടത് വളരെ ആവശ്യമാണ്.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകണം എന്ന പൊതു ലക്ഷ്യം നേടേണ്ടത് നമ്മുടെ ചുമതലയാണ്. കുട്ടി ആർജ്ജിക്കേണ്ട പാഠശേഷികൾ നേടിയോ? എന്ന് നാം പരിശോധിക്കേണ്ടതുണ്ട്. സർഗ്ഗപരവും, അക്കാദമികപരവുമായ കാര്യങ്ങളിൽ പരിപൂർണ്ണത കൈവരിച്ചോ എന്നും നാം വിലയിരുത്തേണ്ടിയിരിക്കുന്നു. പൊതുലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഉതകുന്ന രീതിയിൽ അക്കാദമിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കേണ്ടത് വെങ്ങൂർ സ്കൂളിനെ സംബന്ധിച്ച് പ്രസക്തമായ കാര്യമാണ്.

# സ്കൂൾ ചരിത്രം.

1946 ൽ കൊങ്ങന്നൂർ ശ്രീ. അച്ചുക്കുട്ടമേനോനാണ് വരുണൂർ സ്കൂൾ ആരംഭിച്ചത്. കൊങ്ങന്നൂർ കെട്ടിടത്തിലായിരുന്നു സ്കൂളിന്റെ ആരംഭം. പിന്നീട് അദ്ദേഹത്തിന്റേയും നാട്ടുകാരുടേയും പ്രയത്നം കൊണ്ട് ഒരു കെട്ടിടം നിർമ്മിച്ചു. 2004 വരെയും സ്കൂൾ പ്രവർത്തിച്ചത് ഈ കെട്ടിടത്തിലാണ്. ഫണ്ട് ലഭിക്കാത്തതിനാൽ സ്കൂൾ അറ്റകുറ്റപ്പണികൾ ചെയ്യാൻ കഴിയാതെ വന്നു. കെട്ടിടം നിലം പതിക്കുമെന്ന അവസ്ഥ വന്നപ്പോൾ അന്നത്തെ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന ശ്രീമതി ദേവകി ടീച്ചർ മുൻകൈ എടുത്ത് നാട്ടുകാരുടെ സഹായത്തോടെ കെട്ടിടം ഉടമസ്ഥനിൽ നിന്നും വാങ്ങാൻ തീരുമാനിച്ചു. 27 പേർ ചേർന്ന് വാങ്ങിയ കെട്ടിടം പിന്നീട് അറ്റകുറ്റപ്പണികൾ നടത്തി ഭദ്രമാക്കി. നാട്ടുകാരുടെ നിരന്തര പരിശ്രമം മൂലം 2003 എപ്രിലിൽ സ്ഥലവും കെട്ടിടവും പഞ്ചായത്ത് ഏറ്റെടുത്തു. തുടർന്ന് ജില്ലാ പഞ്ചായത്തിന്റെ സഹായത്താൽ 2004 ൽ 4 ക്ലാസ് മുറികളും 1 ഓഫീസും ഉൾപ്പെട്ട പുതിയ

കെട്ടിടം നിലവിൽ വന്നു. 1946 ൽ ആരംഭിച്ച ഈ വിദ്യാലയം ഇപ്പോൾ 71 വർഷം പിന്നിട്ടിരിക്കയാണ്.

തികച്ചും ഗ്രാമീണമായ അന്തരീക്ഷമാണ് വള്ളൂർ സ്കൂളിന്റേത്. കൂലിപ്പണിക്കാരായ സാധാരണ തൊഴിലാളികളും, കൃഷിയുമൊക്കെയാണ് ഇവിടുത്തെ ഉപജീവനമാർഗ്ഗം. സാംസ്കാരിക രംഗത്ത് ഒട്ടേറെപേർ കഴിവുതെളിയിച്ച പ്രദേശം കൂടിയാണ് വള്ളൂർ. പുതിയ കെട്ടിടത്തോടുകൂടി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം ഇപ്പോൾ ഒട്ടേറെ വളർച്ചാഘട്ടങ്ങൾ പൂർത്തിയാക്കി 1997 വർഷത്തിൽ സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷിച്ചു.

ഇപ്പോൾ 5 മുറികളുള്ള കെട്ടിടത്തിനോടൊപ്പം 4 ക്ലാസ് മുറികളുള്ള ഒരു ബാത്ത്റൂമുകളുള്ള ഒരു പുതിയ കെട്ടിടം കൂടി നമുക്ക് ലഭിച്ചു. പ്രധാന അധ്യാപികയും, 4 അധ്യാപകരും, 2 പ്രീ-പ്രൈമറി അധ്യാപികമാരും, ഒരു ആയയും, ഒരു പി.ടി.സി.എം ഉം ഇപ്പോൾ ജോലി ചെയ്യുന്നു. പ്രീ പ്രൈമറിയിലെ ഒരു അധ്യാപികയ്ക്കും ആയക്കും സർക്കാർ ഓണറേറിയം ലഭിക്കുന്നില്ല. പി.ടി.എ യുടെയും, രക്ഷിതാക്കളുടെയും സഹകരണം കൊണ്ട് പ്രീ പ്രൈമറി ഒരുവിധം മുന്നോട്ടു പോകുന്നു. ഇപ്പോൾ ഒരു തസ്തികയിലും ഒഴിവുകൾ ഇല്ല. സ്കൂളിന്റെ PTA നല്ല പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. സ്കൂളിലെ പ്രധാന അധ്യാപികയും, അധ്യാപകരും, ജീവനക്കാരും സമീപ പ്രദേശത്തുള്ളവരായത് സ്കൂൾ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നു.

അക്കാദമിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് SRG, PTA യും, SMC യും എപ്പോഴും സജ്ജമാണ്.

# പ്രധാന പ്രശ്നങ്ങൾ

- മുറ്റം ഷീറ്റ് വേണം. കുട്ടികൾക്ക് സൗകര്യപ്രദ-മായ രീതിയിൽ ഭക്ഷണം കഴിക്കാൻ ഒരു ഡൈനിംഗ് ഹാൾ ആവശ്യമാണ്. പാത്രങ്ങൾ, പ്ലേറ്റുകൾ എന്നിവയും ലഭ്യമാകുന്നത് ഉചി-തമായിരിക്കും.
- എല്ലാ ക്ലാസ് റൂമും സ്മാർട്ടാക്കണം.
- പ്രീ പ്രൈമറി അധ്യാപികമാർക്കും ആയമാർക്കും സർക്കാർ ഓണറേറിയം നൽകണം.
- വായനാശേഷി വികസനത്തിന് ഒരു ലൈബ്രറി റൂം അനിവാര്യമാണ്. അത് ഇപ്പോൾ ഇല്ല.
- ക്ലസ്റ്റർ റൂം, പ്രത്യേക ഐ.ടി റൂം എന്നിവ സജ്ജമാക്കേണ്ടത് നിലവിൽ അത്യാവശ്യമാണ്.

# പൊതു ലക്ഷ്യങ്ങൾ

- പ്രൈമറി കാലഘട്ടത്തിൽ എല്ലാവർക്കും എഴുത്തും വായനയും ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗാത്മകതയെ ഉണർത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- വായനാപോഷണത്തിനുവേണ്ടി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക. വായനാസാമഗ്രികൾ നിർമ്മിക്കുക.
- ശാസ്ത്രം, ഗണിതം എന്നിവയുടെ വികസനത്തിന് ഉതകുന്ന പ്രവർത്തന സജ്ജമാക്കുക.
- ക്ലാസ് PTA ഊർജ്ജിതമാക്കുക.
- ഇംഗ്ലീഷ് പഠനം കൂടുതൽ മെച്ചപ്പെടുത്തുക.
- SRG ശാക്തീകരണം നടപ്പിലാക്കുക.
- പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രാധാന്യം നൽകുക.
- ആരോഗ്യം, ശുചിത്വം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

# രൂപീകരണ പ്രക്രിയ.

- 4-06-2024 ന് ചേർന്ന SRG യോഗത്തിൽ SRG കൺവീനർ, HM, സ്റ്റാഫ് സെക്രട്ടറി എന്നിവരുടെ സാന്നിധ്യത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനിനെ കുറിച്ചുള്ള ചർച്ച നടന്നു. തുടർന്നുള്ള ദിവസങ്ങളിൽ മാസ്റ്റർ പ്ലാനിന്റെ ആസൂത്രണം നടന്നു.
- 28-06-2024 ന് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ കരട് തയ്യാറാക്കി.
- 04-07-2024 ന് അക്കാദമിക മാസ്റ്റർ പ്ലാൻ പൂർത്തീകരിച്ചു.

# ഉപമേഖല: മലയാളം

| ക്ലാസ് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്ഥാപനതല വിഭവങ്ങൾ |
|---|---|---|---|---|---|
| 1 | * അടിസ്ഥാന ഭാഷാശേഷി വികസനം. | ⇒ ഭാഷാകളരി<br>* പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>⇒ അമ്മവായനയുടെ അമ്മമാർ കുട്ടികഥകൾ അവതരിപ്പിക്കുന്നു. | Sep.<br>Oct.<br>July.<br>Dece.<br>Jan.<br>(മാസം ഒന്ന്) | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>MPTA | SMC<br>MPTA |
| 2. | * ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖന മികവ് | * പഴഞ്ചൊല്ലുകളും — ലഘുരചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ.<br>* ലഘുപതിപ്പുകൾ തയ്യാറാക്കൽ | Oct.<br>Nov.<br>Dec. | SRG<br>SMC<br>ക്ലബ്ബുകൾ<br>MPTA<br>Staff | MPTA |
| | * സർഗാത്മകതയെ തട്ടിയുണർത്താം | * രചനാശില്പശാല<br>* കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ. | Dec.<br>Janu. | SMC<br>Staff<br>ക്ലബ്ബ്<br>വ്യക്തികൾ | SRG<br>SMC. |

| | | | | | |
|---|---|---|---|---|---|
| 3. | * സാഹിത്യ പ്രതിഭകളെ അടുത്തറിയാം | * കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>* പുസ്തക ശേഖരണവും പ്രദർശനവും<br>* ചിത്രഗ്യാലറി. | June<br>June-Dece.<br>Jan. | Staff SMC<br>Staff SMC<br>MPTA ക്ലബ് | SMC |
| | * വായന - പരിപോഷണം. | * പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം.<br>* വായനക്കളരി<br>* നാട്ടുവായന.<br>പ്രാദേശിക എഴുത്തുകാരുമായി സംവാദം. | Nove.<br>ആഴ്ചയിൽ<br>Aug. | വായനശാല SMC SRG<br>ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ് | വായനശാല, ക്ലബ്ബ് SMC SRG. |
| 4 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | മധുരം... മലയാളം<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി പഠിപ്പിക്കൽ.<br>ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ. | PTA |
| | വായനാശേഷി വളർത്തൽ. | വായിക്കാം... വളരാം...<br>· ക്ലാസ് വായനക്കൂട്ടം<br>· ക്ലാസ് ലൈബ്രറി ഒരുക്കൽ<br>· പുസ്തക പരിചയം<br>· വായനാക്കുറിപ്പ്<br>· പുസ്തകസംവാദം.<br>· ആനുകാലിക വായന. | | | |

| | | | | |
|---|---|---|---|---|
| • എഴുത്ത് പരിപോഷിപ്പിക്കൽ.<br>• ലേഖനശേഷി വർദ്ധിപ്പിക്കൽ.<br>• സാഹിത്യകാരന്മാരെ അടുത്തറിയൽ. | <u>എഴുതാം</u> ... <u>രസിക്കാം</u><br>• പാഠഭാഗ പ്രവർത്തനം.<br>• സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| * അറിവ് ഡോക്യുമെന്ററിയിലൂടെ. (ICT) | <u>കണ്ടറിയാം</u> ... <u>കേട്ടറിയാം</u> ...<br>പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശനം. | വർഷം മുഴുവൻ<br>ആവശ്യാനുസരണം. | Class teacher | PTA |
| * സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ; അടുത്തറിയൽ. | <u>ഓർക്കാം</u> ... <u>അഭിമാനിക്കാം</u> ...<br>• ഓർമ്മദിനങ്ങൾ ആചരിക്കൽ.<br>• ഡോക്യുമെന്ററി പ്രദർശനം.<br>• പുസ്തകപരിചയം.<br>• ക്വിസ്, ലഘുപ്രഭാഷണം.<br>• ജീവിതരേഖ തയ്യാറാക്കൽ.<br>• പതിപ്പ് നിർമ്മാണം; പ്രദർശനം | ആവശ്യാനുസരണം | SRG<br>class teacher<br>CPTA | |

# ഉപമേഖല : ഗണിതം

| ക്ലാസ് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|---|
| 1 | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | * ഗണിത മാഗസിൻ | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ | |
| | | * ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സെപ്തംബർ | ക്ലാസ്ടീച്ചർ | SSA |
| | | * ഗണിതക്യാമ്പ് ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ്ടീച്ചർ | |
| 2 | ഗണിത ചിന്താശേഷി വളർത്തൽ. | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ്ടീച്ചർ | SSA |
| | | * ഗണിതക്വിസ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

| | | | | | |
|---|---|---|---|---|---|
| 3. | * ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം. | . ഒറിഗാമി ശിൽപശാല .രസകരമായി ഗണിതപഠനവും നിർമ്മാണപ്രവർത്തനങ്ങളും ആസ്വദനവും. | oct. | SRG PTA | SSA |
| | * ഗണിതം ലളിതമാക്കാം കളികളിലൂടെ. | . മെട്രിക് മേള, ഗണിതോത്സവം. | Jan. | SRG class tr | SSA Staff SMC |
| 4 | * ഗണിത പഠനം രസകരമാക്കൽ. (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | കളിക്കാം ... ഗണിക്കാം വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ; മൂല്യനിർണ്ണയം; പ്രകടനവും പാഠവും, dias കളി | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ. | PTA |
| | * ഗണിതശാസ്ത്ര പഠനം രസകരമാക്കൽ; കരചലന ശേഷി വികാസം. | ഒറിഗാമി . . . . ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | വർഷം മുഴുവൻ | HM SRG class tr | PTA |
| | * ഗണിതപഠന പ്രവർത്തനം നൂതനമാക്കൽ | ഗണിതലാബുകൾ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | | PTA |
| | • ഗണിതപാഠങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിത ചാർട്ടുകൾ ഉപയോഗപ്പെടുത്തൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| | * പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | . പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം; പ്രദർശനം. | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| | * ഗണിതശേഷികളുടെ പോഷണം. | • ഗണിതമേള. പ്രശ്നോത്തരി. പസിൽ പാറ്റേൺ പഠന ഉപകരണങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# ഉപമേഖല: പരിസരപഠനം

| ക്ലാസ് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|---|
| 1 | ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള-പ്രദർശനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ-ജൂലൈ ആഗസ്റ്റ് | ക്ലാസ്ടീച്ചർ SRG SMC | SMC |
| | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ. | ഡിസംബർ ജനുവരി. | SRG SMC | |
| 2 | ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ. പോസ്റ്റർ രചനാമത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ | ക്ലാസ്ടീച്ചർ SRG SMC | |

| | | | | | |
|---|---|---|---|---|---|
| | * പ്രകൃതിയെ അറിയാൻ | * പ്രകൃതി നടത്തം, കാഴ്ച ബംഗ്ലാവിലേക്ക്. | ഒക്ടോബർ<br>~~[illegible]~~<br>നവംബർ<br>ഡിസംബർ | ക്ലാസ്ടീച്ചർ<br>SRG<br>SMC | |
| | * നാടറിയാൻ - നാട്ടറിവുകൾ | * കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക്, നമ്മളും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | SMC |
| 3 | * ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം— ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. · കുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| | * പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്, നടയണ, മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |

| | | | | | |
|---|---|---|---|---|---|
| | • ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | • ശാസ്ത്രപ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ. | ജനുവരി<br>ഫെബ്രുവരി | | |
| 4 | നിരീക്ഷണം. അറിവ് നിർമ്മാണം | . പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| | . ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | . ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA<br>SSA |
| | • ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | . വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്രമേഖലയിലെ പ്രദർശനങ്ങൾ<br>. ഫോറസ്റ്റ് ലാബ് അക്കാദമി തുടങ്ങിയവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ്ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| | . ശാസ്ത്രപഠനം രസകരമാക്കൽ, നേടിയ അറിവുകളുടെ പ്രയോഗം, രചന. | . ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പതിപ്പ്, ചാർട്ട് തയ്യാറാക്കൽ, അവയുടെ പ്രദർശനം.<br>. ശാസ്ത്ര മാസികകളുടെ നിർമ്മാണം. | വർഷത്തിലെ [illegible] | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |

# ഉപമേഖല : തനതു പ്രവർത്തനങ്ങൾ

| ക്ലാസ് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായങ്ങൾ |
|---|---|---|---|---|---|
| 1 to 4. | നൂതന പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ | Little Scientist<br>കുട്ടികളിൽ നിരീക്ഷണം, പാടവം, പരികല്പന രൂപീകരണം, താരതമ്യം, വർഗീകരിക്കപ്പെടുന്നത്, ക്രോഡീകരണം, നിഗമനത്തിലെത്തൽ തുടങ്ങിയ പ്രക്രിയാശേഷികൾ വികസിപ്പിക്കുന്നതിനായി ഓരോ ആഴ്ച്ചയും ഓരോ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | ഒരു വർഷം | അധ്യാപകർ, SRG PTA | PTA. |

| | | | | | |
|---|---|---|---|---|---|
| 1 to 4 | വായന പ്രോത്സാഹിപ്പിക്കാൻ. * വായിക്കാനുള്ള പ്രോത്സാഹനം നൽകൽ | 1 വർഷം | വായനയിലൂടെ വായന<br>ഒരു കുട്ടി ഒരു പുസ്തകം വായിക്കുന്നു. തുടർന്ന് ആ പുസ്തകം മറ്റൊരാൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു. തുടർന്ന് ആ കുട്ടിയെ ആ പുസ്തകം വായിക്കാൻ പ്രേരിപ്പിക്കുന്നു. ഒരാളുടെ വായനയിലൂടെ അടുത്ത ആളും വായനയുടെ ലോകത്തേയ്ക്ക് എത്തുന്നു. | അധ്യാപകർ<br>PTA<br>SRG | PTA |

# ഉപമേഖല - അറബിക്

ലക്ഷ്യം :

ഒന്നാം ക്ലാസ്: അടിസ്ഥാന ഭാഷാശേഷി വികസനം. ചിത്രങ്ങൾക്ക് നിറം നൽകിയും ചിത്രം വരച്ചും കുട്ടിയെ മുന്നോട്ട് കൊണ്ട് പോകൽ

രണ്ടാം ക്ലാസ്: അക്ഷരങ്ങൾ കൂട്ടി വായി- ക്കാനും കൂട്ടിയെഴുതാനും അവസരമുണ്ടാക്കൽ

മൂന്നാം തരം : അറബി സംസാരിക്കാൻ പരിശീലിക്കുന്നതിനായി ഉപചാര പദങ്ങൾ മനസ്സിലാക്കി സംഭാഷണത്തിന് സജ്ജമാക്കൽ.

നാലാം തരം : കഥ, കവിത എന്നിവ ആസ്വദിച്ച് ഭാഷാ നൈപുണി കൈവരിക്കൽ..

പിന്നോക്കം നിൽക്കുന്ന കുട്ടികളെ ശരിയായ പിന്തുണ നൽകി ഉയർത്തി കൊണ്ട് വരൽ

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തൽ. | → അക്കാദമിക കലണ്ടറിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ<br>→ കലക്കൂട്ട്: പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ.<br>→ English fest.<br>→ നൂതനപ്രവർത്തനങ്ങൾ.<br>→ മലയാളം - അറബിക് പ്രവർത്തനം (translation)<br>→ ഗണിതച്ചുമർ<br>→ LSS പരിശീലനം അമ്മമാരിലൂടെ. | JUNE - MARCH | H.M. SMC PTA അധ്യാപകർ, രക്ഷിതാക്കൾ<br>" | |
| * മൂല്യനിർണ്ണയ രീതിശാസ്ത്രം പരിഷ്കരിച്ച് നടപ്പിലാക്കൽ. | → യൂണിറ്റ് ടെസ്റ്റ്<br>→ ഓപ്പൺ ടെസ്റ്റ്<br>→ പൊതുവിജ്ഞാനം | " | | |
| * IT ക്ലാസ് സൗഹൃദമാക്കൽ | → കുട്ടികൾ നേതൃത്വം നൽകുന്ന പാഠഭാഗ അവതരണം.<br>→ പൂർവ്വകാല - IT വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കൽ.<br>→ FM RADIO | " | " | |
| * ഗുണമേന്മ വിദ്യാഭ്യാസത്തിനായി സഹകരണം ഉറപ്പാക്കൽ. | → Medical camp.<br>→ പൊതുസ്ഥാപനസന്ദർശനം.<br>→ | വർഷത്തിൽ ഒന്ന്<br>" | | |
| * പ്രചരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. | → ജനറൽ ബോഡി, CPTA, SMC, പഠനോത്സവം<br>→ കവലയിലൊരു ദിനം. | മാസം ഒന്ന്<br>വർഷം ഒന്ന് | | |